**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2020 - ന് ശേഷം കർഷക പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ടോ; | (എ) | 27.01.2021 തീയതിയിലെ സ.ഉ. (കൈ) നം.8/2021/കൃഷി ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 3197 പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കർഷക പെൻഷൻ ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽ വിഷയത്തിൽ തീരുമാനം വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765 എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷനു അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത പെൻഷന് വേണ്ടിയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765 എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷനു അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ